കമ്പ്യൂട്ടറുകളുടെ പ്രവർത്തനം

87 [3475] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിലായി എത്ര കമ്പ്യൂട്ടറുകൾ ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; ഇൻസ്റ്റാൾ ചെയ്ത കമ്പ്യൂട്ടറുകൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നുണ്ടോ;

(ബി) ആവശ്യമായ കൺസ്യൂമബിൾസിന്റെ അഭാവത്തിൽ പല കമ്പ്യൂട്ടറുകളും പ്രവർത്തിപ്പിക്കാൻ കഴിയുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) സെക്രട്ടേറിയറ്റിലെ എത്ര കമ്പ്യൂട്ടറുകൾക്കാണ് ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കിയിട്ടുള്ളത്; ഇവ ഏത് റാങ്ക് വരെയുള്ള ആഫീസർമാർക്കാണ്;

(ഡി) ഇന്റർനെറ്റ് സേവനം കാര്യക്ഷമമായി വിനിയോഗിക്കുന്നുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഇ) സെക്രട്ടേറിയറ്റിലെ ഉന്നത ഉദ്യോഗസ്ഥർക്ക് മാത്രമറിയാവുന്ന പാസ്സ്വേഡുകൾ ഇട്ടിട്ടുള്ള ഇന്റർനെറ്റ് സൗകര്യങ്ങൾ ജീവനക്കാർ അല്ലാത്തവർ ദുരുപയോഗം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു തടയാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിലായി 793 കമ്പ്യൂട്ടറുകൾ ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട്. ഇവ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നുണ്ട്.

(ബി) കൺസ്യൂമബിൾസിന്റെ അഭാവത്തിൽ കമ്പ്യൂട്ടറുകൾ പ്രവർത്തിക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സെക്രട്ടേറിയറ്റിലെ 157 കമ്പ്യൂട്ടറുകൾക്ക് ഇന്റർനെറ്റ് കണക്ഷൻ നൽകിയിട്ടുണ്ട്. ചീഫ് സെക്രട്ടറി, അഡീ. ചീഫ് സെക്രട്ടറി, ഗവൺമെന്റ് സെക്രട്ടറിമാർ എന്നിവർക്കും മന്ത്രിമാർക്കും, മന്ത്രിമാരുടെ ഓഫീസുകൾക്കും, അഡീഷണൽ സെക്രട്ടറി മുതൽ അണ്ടർ സെക്രട്ടറി വരെയുള്ള ഉദ്യോഗസ്ഥൻമാർക്ക് അവരുടെ ജോലിയുടെ സ്വഭാവം കൂടി പരിഗണിച്ചും ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ഗവൺമെന്റ് സെക്രട്ടറിമാരുടെ പി.എ/സി.എ. എന്നിവർക്കും ഇന്റർനെറ്റ് സൗകര്യം ആവശ്യമായുള്ള ചില സെക്ഷനുകളിലും ഈ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly